**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2204** **20-01-2021 - ൽ മറുപടിയ്ക്ക്**

**അംഗൻവാടികളുടെ പ്രവർത്തനങ്ങളിൽ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ.വി.അബ്ദുൾ ഖാദർ | | **Smt. K. K .Shailaja Teacher**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ അംഗൻവാടികളുടെ പ്രവർത്തനങ്ങളിൽ എന്തെല്ലാം പുരോഗതിയുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 1097 അങ്കണവാടികളിൽ കുടിവെള്ള സൗകര്യവും 1638 അങ്കണവാടികളിൽ Baby friendly Toilet നിർമ്മിക്കുകയും സംസ്ഥാനത്തെ 1730 അങ്കണവാടികൾ 1 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ നവീകരിക്കുന്നതിന് 1730 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ അങ്കണവാടികളിൽ 'സർഗ്ഗോൽസവം' എന്ന പേരിൽ കലാമേള സംഘടിപ്പിച്ചു. പ്രീസ്കൂൾ പഠന സഹായികളുടെ കന്നടയിലേയ്ക്കുള്ള മൊഴിമാറ്റം, അച്ചടി, പ്രകാശനം എന്നിവയും ഇ.സി.സി.ഇ തീം തമിഴിലേയ്ക്ക് മൊഴിമാറ്റം ചെയ്ത് അച്ചടിച്ച് തമിഴ് പ്രാദേശിക ഭാഷയായുള്ള, വിവിധ ജില്ലകളിലെ അങ്കണവാടികളിൽ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചു. വനിതാ ശിശു വികസന വകുപ്പ് മുഖേന 3 മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്കായി ഓൺലൈൻ മുഖേന പ്രീസ്കൂൾ പഠനം കിളികൊഞ്ചൽ എന്ന പരിപാടിയിലൂടെ വിക്ടേഴ്സ് ചാനൽ മുഖേന നടപ്പാക്കി വരുന്നു. കോവിഡ് വ്യാപനത്തെ തുടർന്ന് അങ്കണവാടികൾ തുറക്കാനാകാത്തതിനാലും വനിതാ ശിശു വികസന വകുപ്പ് മുഖേന വിക്ടേഴ്സ് ചാനലിൽ സംപ്രേഷണം കാണാൻ സാഹചര്യമില്ലാത്ത കുട്ടികൾക്കായി ECCE തീം അധിഷ്ഠിത പോസ്റ്ററുകൾ സർക്കാർ പ്രസ്സിൽ നിന്നും സൗജന്യമായി അച്ചടിച്ച് പ്രീസ്കൂൾ കുട്ടികളുടെ വീട്ടിലെത്തിച്ചിട്ടുണ്ട്. അങ്കണവാടികളിൽ എത്തിച്ചേരുന്ന കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വികാസം ലക്ഷ്യം വച്ചുകൊണ്ട് വകുപ്പിൽ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി ആരംഭിക്കുകയും നിലവിൽ 40 കെട്ടിടങ്ങൾക്ക് നിർമ്മാണ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 25/02/2016ൽ മെയിൻ അങ്കണവാടി വർക്കർമാർക്ക് 10,000/- രൂപയും മിനി അങ്കണവാടി വർക്കർമാർക്ക് 9,250/- രൂപയും ഹെൽപ്പർമാർക്ക് 7000/- രൂപയും ഹോണറേറിയം 01/04/2016 മുതൽ വർദ്ധിപ്പിച്ച് ഉത്തരവായെങ്കിലും വർദ്ധിപ്പിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് പ്രാബല്യത്തിൽ വന്നിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം 30/08/2016ൽ വർദ്ധവിന്റെ 50% സാമൂഹ്യനീതി വഹിക്കണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വർദ്ധിപ്പിച്ച തുക ജീവനക്കാർക്ക് ലഭ്യമാക്കി. ആയത് 2018 വർഷത്തിൽ യഥാക്രമം 11,500/-, 10,500/-, 7,750/- എന്ന ക്രമത്തിലും 2019 വർഷത്തിൽ യഥാക്രമം 12,000/-, 11,000/-, 8,000/- എന്ന ക്രമത്തിലും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | എത്ര പുതിയ അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്; ജില്ലതിരിച്ച് വിവരങ്ങൾ നൽകുമോ; നിർമ്മാണം പുരോഗമിക്കുന്നവ എത്രയെന്ന് വെളിപ്പെടുത്താമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആകെ 1212 അങ്കണവാടികൾ നിർമ്മിക്കുന്നതിന് നിർമ്മാണാനുമതി നൽകുകയും ആയതിൽ 398എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും 234 എണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു. 580 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിക്കേണ്ടതുണ്ട്. നിർമ്മിച്ച അങ്കണവാടി കെട്ടിടങ്ങൾ, നിർമ്മാണം പുരോഗമിക്കുന്നവ എന്നിവയുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നം. | ജില്ല | നിർമ്മാണം പൂർത്തിയായ അങ്കണവാടി കെട്ടിടങ്ങൾ | നിർമ്മാണം പുരോഗമിക്കുന്ന അങ്കണവാടി കെട്ടിടങ്ങൾ |
|---|---|---|---|
| 1. | തിരുവനന്തപുരം | 36 | 17 |
| 2. | കൊല്ലം | 42 | 28 |
| 3. | പത്തനംതിട്ട | 14 | 12 |
| 4. | ആലപ്പുഴ | 30 | 32 |
| 5. | കോട്ടയം | 30 | 17 |
| 6. | ഇടുക്കി | 22 | 15 |
| 7. | എറണാകുളം | 24 | 15 |
| 8. | തൃശ്ശൂർ | 67 | 12 |
| 9. | പാലക്കാട് | 16 | 9 |
| 10. | മലപ്പുറം | 64 | 45 |
| 11. | വയനാട് | 11 | 4 |
| 12. | കോഴിക്കോട് | 17 | 11 |
| 13. | കണ്ണൂർ | 17 | 15 |
| 14. | കാസർഗോഡ് | 8 | 2 |
|  | ആകെ | 398 | 234 |